


# നഷ്ടപ്പെട്ട വീട്

എല്ലാ ഐശ്വര്യങ്ങളും ഒത്തിണങ്ങിയ വീടായിരുന്നു അശ്വതിയുടേത്. അച്ഛനും അമ്മയും അശ്വതിയും അടങ്ങിയ ആ കുടുംബം സന്തോഷത്തോടെ ജീവിച്ചു.

അശ്വതിയുടെ അച്ഛൻ ഒരു കൂലിപ്പണിക്കാരനായിരുന്നു. അവളുടെ അമ്മക്ക് വല്ലപ്പോഴുമേ ജോലിയുണ്ടാവൂ. അയൽ വീടുകളിൽ പോയി പാത്രം കഴുകലും മറ്റുമാണ് അമ്മയുടെ ജോലി.

അശ്വതി നന്നായി പഠിക്കും. അതുമാത്രമല്ല, കഥയിലും സാഹിത്യത്തിലുമൊക്കെ നല്ല കഴിവുമാണ്. ജീവിതത്തിൽ ഒരുപാട് ഉയരങ്ങളിലേക്കെത്തണം എന്നവൾ ആഗ്രഹിച്ചു.

അങ്ങനെയിരിക്കെ ഒരു സംഭവമുണ്ടായി. അശ്വതിക്ക് എസ്.എസ്. എൽ.സിയിൽ ഫുൾ എ പ്ലസ് കിട്ടി. എല്ലാവർക്കും സന്തോഷമായി. കുറച്ചുദിവസങ്ങൾക്കുശേഷം പതിവുപോലെ അശ്വതി സ്കൂളിൽനിന്ന് തിരികെ വന്നപ്പോൾ വീടിന്റെ ഉമ്മറത്തിണ്ണയിൽ ഒരു ആൾക്കൂട്ടം.

കാര്യമന്വേഷിച്ചപ്പോൾ അമ്മ പറഞ്ഞു: ''മോളേ, നിന്റെ വിവാഹാലോചനയാണ്.'' അവൾ അമ്പരന്നു. അങ്ങനെ അവളുടെ കല്യാണമായി. കല്യാണത്തിനുള്ള ചെലവിന് അവരുടെ കൈയിൽ കാശില്ല. അവരങ്ങനെ ലോണെടുത്തു.

അശ്വതിയുടെ പഠനം മുടങ്ങും എന്നതിനാൽ അവളുടെ എല്ലാ ഉൽസാഹവും കെട്ടു. ലോണടക്കാൻ കാശില്ലാത്തതിനാൽ ബാങ്കിൽ നിന്ന് വീട് ജപ്തി ചെയ്യാനുള്ള ഓർഡർ വന്നു. അങ്ങനെ അവർക്ക് ആ വീട് നഷ്ടമായി.

**ഷിഫ. പി**
ക്ലാസ് 7
ഐ.ഒ.എച്ച്.എസ്, കരിങ്ങനാട്

## തുറക്കൂ നിൻമിഴികൾ

നീ നോക്കണം, നിന്നയൽപ്പക്കത്തേക്ക്
പട്ടിണി തൻ ഫലങ്ങൾ നീ കാണുന്നില്ലയോ?
തിരിച്ചുനൽകൂ സ്നേഹത്തിൻ വിരൽസ്പർശവും
നൽകാമോ ഒരു സ്നേഹവാക്കെങ്കിലും
ദാനം നൽകൂ നീ ഒരു ചെറുസ്മിതമെങ്കിലും
മഴയും വെയിലും കാറ്റും ഭയന്ന്
ജീവിക്കയാണവർ ഒരു കൂരയ്ക്കുള്ളിൽ
നിൻമിഴികൾ തുറക്കൂ നീ നോക്കൂ
അവരുടെ യാതന കാണുന്നില്ലേ നീ..

**നജ്മത്ത് എം. വി**
പത്താം ക്ലാസ്
ഐ.എസ്.എസ്.എച്ച്.എസ്.എസ്, പൊന്നാനി.

## കണ്ണ്

നാവിനെക്കാൾ സംസാരിക്കുന്ന
മനസ്സിനെ തുറന്നു കാണിക്കുന്ന
കള്ളം പറയാത്ത
ഒരേയൊരവയവം.

## കണ്ണുനീര്

അത് നാലക്ഷരമല്ല,
വെറും രണ്ടുതുള്ളി ഉപ്പുവെള്ളമല്ല,
എന്നാൽ, ഒലിച്ചിറങ്ങുന്ന
സങ്കടങ്ങളത്രെ.

**റുഹ്മ ഫാത്വിമ**
ക്ലാസ്- 8, ക്രസന്റ് എച്ച്.എസ്.എസ്
വാണിമേൽ



**വഫ ഫാത്തിമ**
ക്ലാസ് 4
അൻസാർ ഇംഗ്ലീഷ് സ്കൂൾ
പെരുമ്പിലാവ്, തൃശൂർ



**ഷംന കെ**, ക്ലാസ് 7
എം.എം.ഇ.ടി.എച്ച്.എസ്.എസ്
മേൽമുറി, മലപ്പുറം



**ഫാത്തിമ സനാന കെ.പി**
ക്ലാസ് 5
അൽ ഫാറൂഖ് ഇംഗ്ലീഷ് മീഡിയം
സ്കൂൾ, വെള്ളുവങ്ങാട്, മലപ്പുറം




## മനോഹരമായ കവിതകൾ

മനോഹരമായ മൂന്നു കവിതകളാണ് ഈ ലക്കത്തിൽ. 'തുറക്കൂ നിൻ മിഴികൾ' എന്ന കവിതക്ക് നല്ല ഒഴുക്കുണ്ട്. താളാത്മകമായും ഭാവാത്മകമായും ഒരു വിജയമാണ് ഈ കവിത. മനുഷ്യ സ്നേഹത്തിന്റെയും കരുണയുടെയും ഭാവങ്ങളെ വായനക്കാരിലേക്ക് സമർഥമായി പകരാൻ കഴിഞ്ഞിരിക്കുന്നു.

'കണ്ണ്', 'കണ്ണുനീര്' എന്നീ കവിതകൾ ധ്വനിപ്രധാനമാണ്. ആഴമുള്ള ചിന്തകളെ നമ്മിലേക്ക് എത്തിക്കുന്നതിൽ അവ വിജയിക്കുന്നു.

സസ്നേഹം

● **മാഷ്**